**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 76** **10-08-2023 - ൽ മറുപടിയ്ക്ക്**

**ശുദ്ധജല ഗുണനിലവാര പരിശോധന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ശുദ്ധജല ഗുണനിലവാര പരിശോധനയ്ക്കായി ഏത് പദ്ധതിയാണ് സജ്ജമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ശുദ്ധജല ഗുണനിലവാര പരിശോധനക്കായി, ജലജീവൻ മിഷൻ പദ്ധതിയുടെ സഹായത്തോടെ നിലവിൽ ഒരു സ്റ്റേറ്റ് ലാബും പതിനാല് ജില്ലാ ലാബുകളും എഴുപത് ഉപജില്ലാ ലാബുകളും പ്രവർത്തിച്ച് വരുന്നുണ്ട്.<br>ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വെള്ളത്തിന്റെ ഗുണ നിലവാരം ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് വികേന്ദ്രീകൃതമായും ജനപങ്കാളിത്തത്തോടെയും നടപ്പിലാക്കുന്ന സംവിധാനം നിലവിലുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | കുടിവെള്ള പദ്ധതികളിലെ ജലപരിശോധന നടത്തുന്നത് വഴി ഈ പദ്ധതികളിലൂടെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുവാനുള്ള പ്രേരണാ ശക്തിയാകുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം. വെള്ളത്തിൽ അടങ്ങിയിട്ടുള്ള വിവിധങ്ങളായ രാസ ഘടകങ്ങൾ, ബാക്റ്റീരിയ എന്നിവയുടെ സാന്നിധ്യം പരിശോധിച്ച് വെള്ളം കുടിവെള്ള യോഗ്യമാണോ എന്ന് പരിശോധിക്കുന്നു. നിലവിലെ അവസ്ഥയിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. അതോടൊപ്പം വിവിധ പ്രദേശങ്ങളിലെ വെള്ളത്തിന്റെ പ്രത്യേകതകൾ അറിയുന്നതിനും അവ സംസ്ഥാന ദേശീയ തലത്തിൽ ഒരു data base ആക്കുവാനും സാധിക്കുന്നു . |
| (സി) | പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (സി) | ജലജീവൻ മിഷൻ പദ്ധതിയുടെയും കേരള സർക്കാരിന്റെയും സഹായത്തോടെയാണ് പ്രസ്തുത പ്രവർത്തനങ്ങൾ നടത്തിവരുന്നത്. കേരള വാട്ടർ |

| | | | |
|---|---|---|---|
| | | | അതോറിറ്റിയുടെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.<br><br>ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ചുള്ള പരിശോധന നിലവിൽ കുടുംബശ്രീ പ്രവർത്തകർ മുഖേനയാണ് നടപ്പിലാക്കുന്നത്. അവർക്ക് ആവശ്യമായ പരിശീലനം ഗ്രാമപഞ്ചായത്ത് തലത്തിൽ KRWSA , KWA, സഹായ സംഘടനകൾ മുഖേന നൽകി വരുന്നു . |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളുടെ വിശദാംശം നൽകുമോ; എന്തെല്ലാം സഹായങ്ങളാണ് പദ്ധതിക്ക് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | കേരളത്തിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എസ്.ആർ.ഐ(സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട്)ലാബും 14 ജില്ലാ ലാബുകളും 70 ഉപജില്ലാ ലാബുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. 2020-21, 2021-22 കാലയളവിലെ ജെ.ജെ.എം പദ്ധതി പ്രകാരം നിലവിലുണ്ടായിരുന്ന 14 ജില്ലാ ലാബുകളുടെയും 32 ഉപജില്ലാ ലാബുകളുടെയും കൂടാതെ അധികമായി സ്ഥാപിച്ച 38 ഉപജില്ലാ ലാബുകളുടെയും നവീകരണ പ്രക്രിയ പൂർത്തിയാക്കിയിട്ടുണ്ട്. ഇവയിൽ കാരഡ്ക്ക, നൂൽപ്പുഴ എന്നീ ലാബുകൾക്ക് ഒഴികെ മറ്റ് എല്ലാ ലാബുകൾക്കും 2021-22 കാലയളവിൽ എൻ.എ.ബി.എൽ(National Accreditation Board for Testing and Calibration Laboratories) അക്രിഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. എൻ.എ.ബി.എൽ അക്രിഡിറ്റേഷൻ ലഭിച്ച ലാബുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. ഈ ലാബുകളുടെ പ്രവർത്തനത്തിനാവശ്യമായ ഉയർന്ന ഗുണ നിലവാരത്തിലുള്ള ലാബ് ഉപകരണങ്ങൾ, കെമിക്കലുകൾ, ഗ്ലാസ് വെയറുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ആവശ്യത്തിന് ജീവനക്കാരെ ഉപയോഗിച്ച് ഗ്രാമീണ മേഖലകളിൽ നിന്ന് എല്ലാ മാസവും ഓരോ ഉപജില്ലാ ലാബും ഇരുന്നൂറ്റി അമ്പത് ജല സാമ്പിളുകൾ വീതം ശേഖരിച്ച് പരിശോധിച്ച് വരുന്നുണ്ട്. ഇതിൽ നിന്നും തിരഞ്ഞെടുക്കുന്ന സാമ്പിളുകൾ ജില്ലാ ലാബുകളിൽ പരിശോധിക്കുകയും കൂടുതൽ പരിശോധന ആവശ്യമുള്ള സാമ്പിളുകൾ നെട്ടൂരിൽ സ്ഥിതി ചെയ്യുന്ന എസ്.ആർ.ഐ (സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട്) ലാബിൽ പരിശോധിച്ച് ഗുണ നിലവാരം ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ജല ജീവൻ മിഷന്റെ സഹായത്തോടെ ഗ്രാമീണ മേഖലകളിലുള്ള കിണർ, കുഴൽ കിണർ തുടങ്ങിയ കുടിവെള്ള സ്രോതസ്സുകളിലെ ജലം ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് പ്രാഥമിക ഗുണമേന്മ പരിശോധന നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ ക്വാളിറ്റി , നെട്ടൂർ
2. ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്റ്റ് ലാബ് , തിരുവനന്തപുരം
3. ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്റ്റ് ലാബ് , കൊല്ലം
4. ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്റ്റ് ലാബ് , പത്തനംത്തിട്ട
5. ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്റ്റ് ലാബ് , കോട്ടയം
6. ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്റ്റ് ലാബ് , ആലപ്പുഴ
7. ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്റ്റ് ലാബ് , എറണാകുളം
8. ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്റ്റ് ലാബ് , ഇടുക്കി
9. ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്റ്റ് ലാബ് , തൃശ്ശൂർ
10. ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്റ്റ് ലാബ് , പാലക്കാട്
11. ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്റ്റ് ലാബ് , മലപ്പുറം
12. ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്റ്റ് ലാബ് , കോഴിക്കോട്
13. ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്റ്റ് ലാബ് , വയനാട്
14. ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്റ്റ് ലാബ് , കണ്ണൂർ
15. ക്വാളിറ്റി കൺട്രോൾ ഡിസ്ട്രിക്റ്റ് ലാബ് , കാസർകോഡ്

## സബ് ഡിസ്ട്രിക്റ്റ് ലാബ്

1. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, നേമം
2. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, നെടുമങ്ങാട്
3. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, അതിയന്നൂർ
4. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, ചിറയൻകീഴ്
5. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, വർക്കല
6. 86 എം.എൽ.ഡി ഡബ്ള്യു.റ്റി.പി ലാബ്, അരുവിക്കര
7. 74 എം.എൽ.ഡി ഡബ്ള്യു.റ്റി.പി ലാബ്, അരുവിക്കര
8. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, മുഖത്തല
9. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, ചടയമംഗലം
10. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, ശാസ്താംകോട്ട
11. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, കൊട്ടാരക്കര
12. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, ചവറ
13. ഡബ്ള്യു.റ്റി.പി ലാബ്, മനീട്
14. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, പുളിക്കീഴ്
15. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, എലന്തൂർ
16. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, പാറക്കോട്
17. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, റാന്നി
18. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, ഏറ്റുമാനൂർ
19. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, വൈക്കം
20. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, പെരുന്ന
21. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, കടുത്തുരുത്തി

22. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, പാല
23. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, ഹരിപ്പാട്
24. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, മുതുക്കുളം
25. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, അമ്പലപ്പുഴ
26. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, കഞ്ഞിക്കുഴി
27. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, മാവേലിക്കര
28. ഡബ്ള്യൂ.റ്റി.പി ലാബ്, ചേർത്തല
29. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, അങ്കമാലി
30. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, പിറവം
31. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, മൂവാറ്റുപ്പുഴ
32. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, കോതമംഗലം
33. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, വൈപ്പിൻ
34. ഡബ്ള്യൂ.റ്റി.പി ലാബ്, നെട്ടൂർ
35. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, തൊടുപുഴ
36. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, അടിമാലി
37. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, ഇടുക്കി
38. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, തൃശ്ശൂർ
39. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, ഇരിങ്ങാലക്കുട
40. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, തളിക്കുളം
41. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, പഴയന്നൂർ
42. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, മുല്ലശ്ശേരി
43. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, പാലക്കാട്
44. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, പട്ടാമ്പി
45. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, ചിറ്റൂർ
46. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, മണ്ണാർക്കാട്
47. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, കൊടുവായൂർ
48. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, നിലമ്പൂർ
49. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, പെരിന്തൽമണ്ണ
50. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, പരപ്പനങ്ങാടി
51. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, പൊന്നാനി
52. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, മലപ്പുറം
53. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, വടകര
54. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, കോഴിക്കോട്
55. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, കൊയിലാണ്ടി
56. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, നരിക്കുന്നി
57. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, കുറ്റിയാടി
58. ഡബ്ള്യൂ.റ്റി.പി ലാബ്, പെരുവണ്ണാംമൂഴി
59. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, ബത്തേരി
60. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, കൽപ്പറ്റ
61. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, മാനന്തവാടി
62. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, കണ്ണൂർ
63. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, മട്ടന്നൂർ
64. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, തളിപ്പറമ്പ
65. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, പയ്യന്നൂർ
66. ഡബ്ള്യൂ.റ്റി.പി ലാബ്, ഇരിക്കൂർ
67. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, കാസർകോഡ്
68. ക്വാളിറ്റി കൺട്രോൾ സബ് ഡിസ്ട്രിക്റ്റ് ലാബ്, കാഞ്ഞങ്ങാട്